**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5901** **25-03-2025 - ൽ മറുപടിയ്ക്ക്**

**കൈത്തറി മേഖലയുടെ വികസനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ ജി സ്റ്റീഫൻ** | | **ശ്രീ. പി. രാജീവ്**<br>**(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | കൈത്തറി മേഖലയുടെ വികസനത്തിനായി എന്തെല്ലാം പദ്ധതികളാണ് പുതിയതായി ആവിഷ്കരിച്ച് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ? | (എ) | 2025-26 സാമ്പത്തിക വർഷം കൈത്തറി മേഖലയുടെ വികസനത്തിനായി പുതിയതായി ആവിഷ്കരിച്ച് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.<br><br>**1. പ്രീമിയം ഉൽപ്പന്നങ്ങൾക്കുള്ള ഉൽപ്പന്ന വികസന സഹായം**<br><br>പ്രീമിയം ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിനെ പ്രോത്സാഹിപ്പിക്കുന്നതിനായി, മികച്ച പ്രകടനം കാഴ്ചവയ്ക്കുന്ന സംഘങ്ങൾക്ക് സഹായം നൽകണമെന്ന് കൈത്തറി മേഖലയിലെ വിദഗ്ധ സമിതി ശിപാർശ ചെയ്തിരുന്നു. നിലവിൽ നൂൽ വിലയിലെ വർദ്ധനവ് പ്രാഥമിക കൈത്തറി നെയ്ത്ത് സഹകരണ സംഘങ്ങളെ സാരമായി ബാധിക്കുകയും അത് അസംസ്കൃത വസ്തുക്കളുടെ കുറഞ്ഞ ലഭ്യതയ്ക്കും ഉല്പന്നങ്ങളുടെ ഇടിവിനും കാരണമായിട്ടുണ്ട്. മാത്രമല്ല നൂലിന്റെ വിലയിലുണ്ടാകുന്ന ഏറ്റക്കുറച്ചിലുകൾ കാരണം ഉൽപ്പന്നങ്ങൾക്ക് വില സ്ഥിരത ഉറപ്പാക്കാൻ കഴി യാത്ത അവസ്ഥയും നിലനിൽക്കുന്നുണ്ട്. പുതിയ കാലഘട്ടത്തിൽ പ്രീമിയം ഉൽപ്പന്നങ്ങളുടെ തുടർച്ചയായ ഉത്പാദനം ഉറപ്പാക്കേണ്ടത് ഈ മേഖലയുടെ നിലനിൽപ്പിന് അത്യാവശ്യമാണ്. ഉല്പാദനത്തിന് ഉയർന്ന ഗുണനിലവാരമുള്ള നൂലും ചായവും ആവശ്യമുള്ള കൈത്തറി ഉൽപ്പന്നങ്ങളുടെ ബ്രാൻഡിംഗിനെ പ്രോത്സാഹിപ്പിക്കേണ്ടതുണ്ട്.<br><br>പ്രീമിയം ഉൽപ്പന്നങ്ങളുടെ തുടർച്ചയായ ഉത്പാദനം ഉറപ്പാക്കുന്നതിന് ഹാൻടെക്സ്, ഹാൻവീവ് എന്നിവയുൾപ്പെടെ 8 യാൺ ബാങ്ക് സംഘങ്ങൾ വഴി നെയ്ത്തുകാർക്ക് ഗുണനിലവാരമുള്ള നൂലിന്റെ ലഭ്യത ഉറപ്പാക്കിക്കൊണ്ട് 380 പ്രാഥമിക കൈത്തറി നെയ്ത്ത് സഹകരണ സംഘങ്ങൾ, കൈത്തറി ക്ലസ്റ്ററുകൾ എന്നിവയ്ക്ക് നല്ല നിലവാരമുള്ള നൂൽ ലഭ്യമാക്കാൻ പദ്ധതി ലക്ഷ്യമിടുന്നു. സൊസൈറ്റികൾക്ക് ഒറ്റത്തവണ സൗജന്യ സഹായം ലഭിക്കുന്ന ഒരു സബ്സിഡി |

പദ്ധതിയാണിത്. പദ്ധതിയ്ക്കായി 2025-26 ബജറ്റിൽ 500 ലക്ഷം രൂപ വകയിരു ത്തിയിരിക്കുന്നു.

**2. ഹാന്റക്സ് പുനരുജ്ജീവന പാക്കേജ്**

നൂലിന്റെ വില വർദ്ധനവ് / ലഭ്യതക്കുറവ് കൈത്തറി സംഘങ്ങൾക്കും ജീവനക്കാർക്കും വിരമിച്ച ജീവനക്കാർക്കും നൽകുവാനുള്ള കൂലി / ആനുകൂല്യ കുടിശിക തുടങ്ങിയ വിവിധ പ്രശ്നങ്ങൾ ഹാന്റക്സിനെ പ്രതികൂലമായി ബാധിച്ചിരിക്കുന്നു. കൈത്തറി വ്യവസായത്തിലെ മൂല്യ ശൃംഖലയിൽ ഹാന്റക്സ് ഒരു പ്രധാന പങ്ക് വഹിക്കുന്നതിനാൽ, ഹാന്റക്സിനെ പുനരുജ്ജീവിപ്പിക്കേണ്ടത് അത്യാവശ്യമാണ്. ഹാന്റക്സിന്റെ പുനരുദ്ധാരണത്തിന് വേണ്ടി 6 കോടി രൂപ ഈ സാമ്പത്തിക വർഷം അനുവദിച്ച് നൽകിയിട്ടുണ്ട്. ഹാന്റക്സിനെ പുനരുജ്ജീവിപ്പിച്ചുകൊണ്ട് കൈത്തറി വ്യവസായത്തിന്റെ വളർച്ചയെ പ്രോത്സാഹിപ്പിക്കുന്നതിനായി രൂപകല്പന ചെയ്ത ഒരു സമഗ്ര പാക്കേജാണ് ഹാന്റക്സ് പുനരുജ്ജീവന പാക്കേജ്. ഈ പാക്കേജിൽ രണ്ട് പ്രധാന ഘടകങ്ങളുണ്ട്.

(എ) ഹാന്റക്സിന്റെ അടിയന്തര ബാധ്യതകളുടെ തീർപ്പാക്കൽ

(ബി) ഹാന്റക്സിന്റെ തുടർച്ചയായ പ്രവർത്തനങ്ങൾക്കുള്ള പിന്തുണ.

അടിയന്തര ബാധ്യതകളുടെ തീർപ്പാക്കലിലൂടെ ഹാന്റക്സിനു സാമ്പത്തിക അടിത്തറ കൈവരുകയും അതോടൊപ്പം തുടർച്ചയായ പ്രവർത്തനങ്ങൾക്കുള്ള പിന്തുണ / പ്രോത്സാഹനം നൽകുന്നതിലൂടെ ഹാന്റക്സിന് പ്രത്യേകിച്ചും കൈത്തറി മേഖലയ്ക്ക് ആകെയും തുടർച്ചയായ വരുമാനം ഉറപ്പാക്കുകയും ചെയ്യും. അടുത്ത രണ്ട് വർഷത്തിനുള്ളിൽ ഹാന്റക്സിനെ ഒരു സ്വയം പര്യാപ്ത സ്ഥാപനമായി മാറ്റുക എന്ന ലക്ഷ്യത്തോടെയാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്.

ഹാന്റക്സ് പുനരുദ്ധാരണ പാക്കേജിലെ പ്രധാന ഘടകങ്ങൾ ചുവടെ ചേർക്കുന്നു.

| **ഇനങ്ങൾ** | **തുക (ലക്ഷത്തിൽ)** |
| --- | --- |
| **(എ) ബാധ്യത തീർപ്പാക്കൽ** | |
| 1. പ്രാഥമിക സംഘങ്ങൾക്കുള്ള കുടിശിക തീർപ്പാക്കൽ | 1334.00 |
| 2. വിരമിച്ച ജീവനക്കാർക്കുള്ള കുടിശിക തീർപ്പാക്കൽ (ഗ്രാറ്റുവിറ്റി) | 166.00 |
| **ആകെ (എ)** | **1500.00** |
| **(ബി) തുടർ പ്രവർത്തനങ്ങൾക്കുള്ള പിന്തുണ** | |
| 1. നൂൽ വാങ്ങലിനുള്ള സഹായം | 250.00 |

| | |
|---|---|
| 2. ക്ലസ്റ്റർ വികസനത്തിനുള്ള സഹായം | 100.00 |
| 3. ഷോറൂം നവീകരണത്തിനുള്ള സഹായം | 100.00 |
| 4. പരസ്യത്തിനുള്ള സഹായം | 50.00 |
| **ആകെ (ബി)** | **500.00** |
| **ആകെ പദ്ധതി ചെലവ്** | **2000.00** |

ഹാൻ്റക്സിൻ്റെ പുനരുജ്ജീവന പാക്കേജിനായി 2025-26 സാമ്പത്തിക വർഷം 20 കോടി രൂപ വകയിരുത്തിയിരിക്കുന്നു.

സെക്ഷൻ ഓഫീസർ